LIBRARY ARCHIVES Kerala Legislative Assembly

അതിരപ്പിള്ളിയിൽ കാർ റോപ്പ് വേ

235 (2449) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനു സമീപത്തായി ഒരു 'കാർ റോപ്പ് വേ' സ്ഥാപിക്കുന്നതിനും, അതിരപ്പിള്ളിയിൽ ഡി.റ്റി.പി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു 'ടൂറിസം ഫെസിലിറ്റേഷൻ സെന്റർ' സ്ഥാപിക്കുന്നതിനുംവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രോജക്ടുകൾ യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അതിരപ്പിള്ളിയിലെ 'കാർ റോപ്പ് വേ' പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 'Kerala Electricals Ltd. (KEL)' എന്ന ഏജൻസിയോട് പദ്ധതിയുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റെ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കാനായി ഡി.റ്റി.പി.സി. തൃശ്ശൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രണ്ട് പ്രോജക്ടുകളിലും ആവശ്യപ്പെട്ട റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

ആദിച്ചനെല്ലൂർചിറ ടൂറിസം പദ്ധതി

236 (2450) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർചിറ ടൂറിസവുമായി ബന്ധപ്പെട്ട വികസന ആവശ്യങ്ങൾക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നും ഭരണാനുമതി നൽകിയ തീയതി എന്നാണെന്നും അറിയിക്കുമോ ;